LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY

(4) കർഷകത്തൊഴിലാളി പെൻഷൻ

ശ്രീ. ബി. രാഘവൻ: സർ, വന്ദ്യവയോധികരായ കേരളത്തിലെ കർഷക തൊഴിലാളി വിഭാഗത്തിന്റെ സാമൂഹിക സുരക്ഷ ലക്ഷ്യമാക്കിക്കൊണ്ടാണ് അവർക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചത്. എൽ.ഡി.എഫ്. ഗവൺമെന്റ് ഈ പെൻഷൻ 110 രൂപ എന്നുള്ളത് 300 ആക്കിയതിനെ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജറ്റിൽ അത് 400 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ മന്ത്രി ചൂണ്ടിക്കാട്ടിയത് അത് ഇനി 500 ആക്കിക്കൊടുക്കുമെന്നാണ്. പക്ഷെ ബഡ്ജറ്റിൽ 400 രൂപയേ പറഞ്ഞിട്ടുള്ളൂ. അത് 500 രൂപ ആയി വർദ്ധിപ്പിക്കണം. അതുപോലെ കേന്ദ്ര ഗവൺമെന്റും കൂടി 500 രൂപ ഈ വകയിൽ നൽകേണ്ടതായിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടി മുൻകൈ എടുക്കണം. കേന്ദ്ര ഗവൺമെന്റിന്റെ പൊതു സമീപനം പാവപ്പെട്ടവരേയും ദുർബ്ബലരേയും അവഗണിക്കുന്ന നിലപാടാണ്. രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ കൊള്ളയടിച്ചുണ്ടാക്കുന്ന ധാരാളം പണം ഉണ്ട്. ആ പണം കണ്ടെത്തിയാൽ ഈ പാവപ്പെട്ടവർക്ക് കൊടുക്കാൻ സാധിക്കും. അതുപോലെ ഉടമാ വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്, അംശദായം വർദ്ധിപ്പിച്ചിട്ടുണ്ട്. നിയമഭേദഗതി കൊണ്ടുവന്നു. അതെല്ലാം ഞങ്ങൾ പിൻതുണയ്ക്കുകയാണ്. പക്ഷെ ക്ഷേമനിധി ആനുകൂല്യങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. സൂപ്പറാന്വേഷന് 25,000 രൂപയേയുള്ളൂ. അത് 75,000 രൂപയായി വർദ്ധിപ്പിക്കണം. പ്രസവാനുകൂല്യങ്ങൾ 2000 രൂപയേയുള്ളൂ. അത് 5000 രൂപയായി വർദ്ധിപ്പിക്കണം. 2000 രൂപകൊണ്ട് ദശമൂലാരിഷ്ടം പോലും വാങ്ങാൻ കഴിയില്ല. അതുകൊണ്ട് ചികിൽസാ സഹായം വർദ്ധിപ്പിക്കണം. വിവാഹ ധനസഹായവും വർദ്ധിപ്പിക്കണം. ആ നിലയിൽ അംശദായം വർദ്ധിപ്പിച്ച സാഹചര്യത്തിലും ഉടമാ വിഹിതം വർദ്ധിപ്പിച്ച സാഹചര്യത്തിലും ഇവരുടെ ക്ഷേമാനുകൂല്യങ്ങളിൽ കാലോചിതമായ വർദ്ധനവ് ഉണ്ടാകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർ, ബഹുമാനപ്പെട്ട ബി. രാഘവൻ പറഞ്ഞ കാര്യങ്ങളെല്ലാം വസ്തുതാപരമാണ്. കർഷകത്തൊഴിലാളികളെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. 400 രൂപയാണ് ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. സമീപ ഭാവിയിൽ തന്നെ 500 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 110 രൂപയിൽ ആരംഭിച്ചതാണ്. അത് 120 ആയി 130 രൂപയായി 200 രൂപയായി 250 രൂപയായി 300 രൂപയായി ഇപ്പോൾ 400 രൂപയായി. മറ്റ് ആനുകൂല്യങ്ങളുടെ കാര്യത്തിൽ 114.9 കോടി രൂപയുടെ അധിവർഷാനുകൂല്യങ്ങൾ കൊടുക്കുന്നതിന് ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ഗഡുക്കളായി അത് കൊടുത്തു. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ബി. രാഘവൻ പറഞ്ഞ സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച ബോർഡിന്റെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.